# LITTLE KITES

2019-20

# മഴവില്ല്

## GHSS KUZHIMANNA

# ആമുഖം

കുഴിമണ്ണ ഗവ: ഹയർസെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ മഴവില്ല് ഡിജിറ്റൽ മാഗസിൻ ഇവിടെ പ്രസിദ്ധീകരിക്കുന്നു . കുട്ടികളുടെ സൃഷ്ടികൾ മികവുറ്റവയാണെന്ന് പറയുന്നതിൽ തെറ്റില്ല .
എലാവിധ സഹായവും ചെയ്തു തന്നകുട്ടികൾക്കും സ്റ്റാഫിനും ലിറ്റിൽ കൈററ്സിന്റെ അകൈതവമായ നന്ദി

എഡിറ്റോറിയൽ ബോർഡ്

# എഡിറ്റോറിയൽ ബോർഡ്

റജിബ ഷെറിൻ ടി

ഹിബ ഷെറിൻ

ഫാത്തിമ ഫിദ പി

ദാവൂദ് മഠത്തിൽ

സജിത മക്കാട്ട്

അബ്ദുൽ ഗഫൂർ ഐ

## കയറിനകത്ത്

**കവിത**

പെണ്ണന്ന വേഷം അണിഞ്ഞെത്തിയ
രണ്ടിളം ജീവനുകൾ പിടയുന്നു
കരയുന്ന കറിന്റെയറ്റത്തു
കദറിട്ട കാമഭ്രാന്തന്റെ ക്രൂത്തി നീ
രയായവളി ലോകത്തെ ശപിച്ചു
കളിചിരി മുത്തുകൾ പൊഴിയേണ്ടിടത്തു
തീക്കനൽ വാരിവിതറിയ വിശ്വത്തെ
കാമാഭ്രാന്തന്മാർ മിഴികളടക്കാതെ
തിരയുന്നതാരെ
അടുത്ത വളെയോ

ഹിബ ഷെറിൻ

കവിത

# വയറിന്റെ സങ്കടം



ഞാനാ പഹയന്റെ
കൂടെ തന്നെയുണ്ട്
എന്നിട്ടും ആൾക്കാർ
പറയുന്നത്
ചാടിപ്പോയി എന്നാണ്

ശേഖരം ഡി എം

# തല്ല്

ഏതോ  കുരുത്തക്കേട് കാട്ടിയ മകനെ അച്ഛൻ  തല്ലി .അവന്റെ കരച്ചിൽ കണ്ട ശേഷം വിഷമം തോന്നിയ അച്ഛൻ ക്ഷമ  ചൊദിച്ചു .അകത്തേക്ക് പോയ മകൻ നോട്ടു ബുക്കിൽ നിന്ന് കീറിയ പേപ്പറുമായി വന്നു .ആ പേപ്പർ ചുരുട്ടി അച്ഛന്റെ കയ്യിൽ കൊടുത്തു .അച്ഛാ ഈ പേപ്പർ പോലെയാണ് ഇപ്പോൾ എന്റെ മനസ്സ് .എത്ര ക്ഷമ ചോദിച്ചാലും ഇത് ചുളുക്ക് നീക്കി സാധാരണ പോലെയാക്കാൻ പറ്റില്ല .മോനിങ്ങ് വന്നേ .അവനെ വിളിച്ചു പുറത്തു പാർക്ക് ചെയ്തിരുന്ന ബജാജ് സ്കൂട്ടറിനടുത്തേക്ക് അവനെ കൊണ്ടു പോയി .മോനിതൊന്ന് കിക്കറടിക്കാതെ സ്റ്റാർട്ട്  ചെയ്യേ ? അതെങ്ങനെ ? അത് പറ്റില്ലല്ലോ .അവൻ പറഞ്ഞു .അച്ഛൻ രണ്ട് മൂന്ന് പ്രാവശ്യം ചവിട്ടിയപ്പോൾ അത് സ്റ്റാർട്ടായി .കണ്ടോ ചില കാര്യങ്ങൾ നമ്മൾ ശരിയ്യാക്കണമെങ്കിൽ നല്ല ചവിട്ടു കൊടുക്കണം .അത് ഒരു ചവിട്ടിൽശരിയായില്ല എങ്കിൽ ശരിയാകുന്നത് വരെ ചവിട്ടണം .ഇത്രയും പറഞ്ഞു മോനെ രണ്ടെണ്ണം കൂടി കൊടുത്തു .മോനേ  ഇതെന്തിനാണെന്ന് മനസ്സിലായോ ?ഇല്ലച്ഛാ ..നിന്നോട് പലപ്പോഴും പറഞ്ഞിട്ടുണ്ട് .നോട്ടു ബുക്കീന്ന് പേപ്പർ കീറരുതെന്ന് .

# ശാന്തി ഇനിയെന്ന്          കവിത

ചെഞ്ചായം പൂശിയെഴുന്നെള്ളിയ
ചക്രവാളം മെല്ലെ കൺ തിരുമ്മി
ഇറാനെത്തും മുമ്പേ തുടങ്ങി
തുമ്പികൾ പോലെ പാറുന്ന തീ
അഗ്നിജ്വാലകൾ ചുട്ടെരിക്കാൻ
ഇനിയുമേതുണ്ട് കരിയാത്ത  ഭൂമി
കണ്ണുനീർ പൊഴിയാത്ത ഭൂമി

പുഞ്ചിരി പൊഴിച്ചൊരോ സൂര്യകിരണങ്ങൾ
ഭൂമിയിൽ മെല്ലെ പതിക്കവേ
ഓരോരോരായിതളും മെല്ലെ കൺ തുറന്നു
വാസനയോരോ മുക്കിലും മൂലയിലും
സർക്കീട്ടായി പതിയെ നടന്നു

വിശ്വശാന്തിക്ക് നെട്ടോട്ടമോ
ടുന്ന ഒത്തിരി നാടുകൾ
ഉറങ്ങാറേയില്ലെങ്കിലും കണ്ണിമയടയുമ്പോൾ
കാളപുറത്തേന്തിയ കാലന്റെ
കയറിൽ കുരുങ്ങിക്കിടക്കുന്ന
ഇമ തുറക്കട്ടെ ജനം തനിക്ക്
വേണ്ടിയെങ്കിലും കാത്തിരിക്കും
ശാന്തിക്ക് വേണ്ടി മാത്രം

ഹിബ ഷെറിൻ

# അമ്മ

കവിത സി പ്രദീപ്

അമ്മയെന്നമ്മ
അന്നമൂട്ടിയ നന്മ
അന്പെയുന്നദ്യാക്ഷരം
അമ്മിഞ്ഞപ്പാലമൃതം

അദ്വൈതം സ്നേഹാഭിഷേകം
അതിലോലം മൃദുകരപരിലാളനം
അഴകേലും ചേലത്തുമ്പഭയം
അറിവന്നാദ്യരംഭം അമ്മ-നന്മ

അചഞ്ചല സഞ്ചാരത്തിൽ
അഗ്നിനാളമായ് കൂട്ടായമ്മ
അഴലിൻ വഴിയിൽ പെയ്യും
അലിവിൻ കുളിരയമ്മ

ആരും കാണാതെത്തി
അരുമക്കിടാവേയോതി
അകതാരിൻ മുറിവുള്ളത്തിൽ
അമൃതായി പെയ്യമ്മാ

അമ്മയെന്നമ്മ
അന്നമൂട്ടിയ നന്മ
അന്പെയുന്നദ്യാക്ഷരം
അമ്മിഞ്ഞപ്പാലമൃതം

# ഉണങ്ങിയ മരം

ഒരു മഞ്ഞു കാലം .രാവിലെ രാവിലെ ഞാനെഴുന്നേറ്റു ,ചുറ്റുപാടാകെ മഞ്ഞാണ് .ആ കാഴ്ച എന്നെ ആകർഷിച്ചു .ഞാൻ ഓടി മുറിയിൽ ചെന്ന് എന്റെ മുത്തശ്ശനെ വിളിച്ചു.നല്ല തണുപ്പുള്ളതുകൊണ്ടു മുത്തശ്ശൻ എഴുന്നേറ്റില്ല .ഞാൻ മുത്തശ്ശനെ വീണ്ടും വിളിച്ചു .അപ്പോഴും എഴുന്നേറ്റില്ല .അപ്പോഴാണ് എനിക്ക് ഓർമ്മ വന്നത് ഇന്ന് മുത്തശ്ശന്റെ എഴുപത്തിയൊന്നാം പിറന്നാളാണ് .മുത്തശ്ശൻ എഴുന്നേറ്റു .ഞാൻ മുത്തശ്ശന് ജന്മദിനാശംസകൾ നേർന്നു .മുത്തശ്ശൻ എനിക്ക് ഒരുമ്മ തന്നു .എനിക്ക് ഒരുപാട് സന്തോഷമായി .ഇന്ന് എനിക്ക് സ്കൂളുണ്ട് .പോകുമ്പോൾ മുത്തശ്ശന് ഒരുസമ്മാനം വാങ്ങണം .മുത്തശ്ശന് സന്തോഷമാകും .ഞാൻ അച്ഛനോട് കാശ് ചോദിച്ചു .അച്ഛൻ തന്നില്ല .അമ്മയോട് ചോദിച്ചു .അമ്മയും തന്നില്ല.ഈ വയസ്സാൻ കാലത്ത് അങ്ങേർക്കു സമ്മാനം   എന്തിനാ?വയസ്സായാൽ ഒരു മൂലയിൽ ഒതുങ്ങികൂടണം .ഉണങ്ങിയ മരമായാൽ........നീ  പോയി നാലക്ഷരംപഠിക്കാൻ നോക്ക് .അത് മുത്തശ്ശൻ കേട്ടുഎന്നാ തോന്നുന്നത് എനിക്ക് സങ്കടമായി .അപ്പോഴാണ് പുറത്തു നിന്ന് ഒരു വിളി കേട്ടത് .ഞാൻ പുറത്തേക്കു ചെന്നു .മുത്തശ്ശന്റെ സുഹൃത്താണ് .മുത്തശ്ശനെ വിളിക്കുന്നു എന്ന് പറയാൻ പറഞ്ഞു .ഞാൻ മുത്തശ്ശനെ വിളിച്ചു .മുത്തശ്ശൻ വന്നു .അവർ എന്തൊക്കെയോ സംസാരിച്ചു .എന്തോ സംഘടനയെപ്പറ്റിയോ വയസ്സായവർ മാത്രമുള്ള സംഘടന.മുത്തശ്ശനെ അതിന്റെ പ്രസിഡന്റാകാൻ തീരുമാനിച്ചു.ദിവസങ്ങൾ ഒഴുകി കൊണ്ടിരുന്നു ,തടയലും ചായാലുമില്ലാതെ .ആയിടക്കാണ് എന്നെ ഹോസ്റ്റലിയ്ക്കാൻ തീരുമാനിച്ചത് .എപ്പോഴെങ്കിലും അമ്മ വിളിക്കുമ്പോൾ മാത്രമാണ് വീട്ടിലെ കാര്യങ്ങളറിയുന്നത് .അമ്മാവിളിക്കുമ്പോൾ എല്ലാ

കാര്യങ്ങളും പറയും .മുത്തശ്ശനെക്കുറിച്ച മാത്രം പറയില്ല .ഞാൻ മുത്തശ്ശനെക്കുറിച്ച ചോദിച്ചാലും കേൾക്കാത്ത ഭാവം നടിക്കും .പിന്നെ പിന്നെ ഞാനും മുത്തശ്ശനെക്കുറിച്ച ചോദിക്കാതെയായി .ഒരുദിവസം എന്റെ മാമ്മൻ വന്നു .മാമനുംടീച്ചറും എന്തൊക്കെയോ സംസാരിക്കുന്നത് ഞാൻ കണ്ടു .മാമ്മൻ എന്നെ വീട്ടിലേക്ക് വിളിച്ചു .ഞാൻ മാമ്മന്റെ കൂടെ വീട്ടിലേക്കു പുറപ്പെട്ടു .എന്നോടൊന്നും പഞ്ഞില്ല .എങ്കിലുംമാമ്മന്റെ മുഖത്ത് എനിക്ക് വായിച്ചെടുക്കുവാൻ കഴിയുമായിരുന്നു .വീട്ടിലെത്തിയപ്പോൾ തേനീച്ചക്കൂട്ടം പോലെ വീടിന് ചുറ്റും ആളുകൾ .ആളുകൾ പരസ്പരം അടക്കം പറയുന്നുണ്ടായിരുന്നു .അപകട മരണമായിരുന്നു .നല്ല മനുഷ്യനായിരുന്നു .എന്ത് പറയാൻ വിധി ! അല്ലാതെന്താ .ഞാൻ വീട്ടിലേക്കോടൻ തുനിഞ്ഞു .അപ്പോൾ മാമ്മൻ പറഞ്ഞു .മോളുടെ അച്ഛൻ പോയി .എനിക്ക് സങ്കടം കൊണ്ട് എന്ത് ചെയ്യണമെന്നറിയില്ല .അമ്മയെ സമാധാനിപ്പിക്കണോ ?അതോ മുത്തച്ഛനെ സമാധാനിപ്പിക്കണോ ?ഞാൻ പൊട്ടിക്കരഞ്ഞു .കാലചക്രം മുന്നോട്ട് കറങ്ങി .അച്ഛന്റെ മരണശേഷം വീടിന്റെ ഉത്തരവാദിത്വം മുത്തച്ഛനായിരുന്നു .മുത്തശ്ശന്റെ സുഹൃത്തുക്കൾ മുത്തശ്ശനെത്തേടി വരുമായിരുന്നു .അന്ന് ആദ്യമായി എനിക്ക് മനസ്സിലായി .വയസ്സായാലും ഉത്തരവാദിത്വം തീരുകയില്ല .വയസ്സായാലും ഒരു മൂലയിൽ ഒതുങ്ങിക്കൂടുകയല്ല വേണ്ടത് .അത് അമ്മയ്ക്കും ഒരുപാഠമായിരുന്നു .എല്ലാത്തിനും എല്ലാവര്ക്കും ഒരു സമയമുണ്ട് .ഈ പ്രപഞ്ചത്തിലെ ഓരോ ചെറിയ കല്ലിനു പോലും .

# സ്നേഹത്തിന്റെ ശക്തി

അവരുടെ ആ വർദ്ധക്യജീവിതം അതിധീരമായിരുന്നു .ഒരു നല്ല രാവിലെ ശുദ്ധ വായു ഉള്ളിലേക്കെടുത്തു കൊണ്ട് ഞാനെഴുന്നേറ്റു .പ്രഭാതകർമ്മങ്ങൾക്ക് ശേഷം ഞാൻ പകൽ കാഴ്ച കാണാൻ കോലായിൽ ചെന്ന് നിന്നു .ചുറ്റുപാടും നോക്കി .കൺ കുളിർക്കെ കാഴ്ചകൾ കണ്ടുകൊണ്ടിരിക്കെ ,ആ വലിയ കാഴ്ച എന്നെ അങ്ങോട്ടാകർഷിച്ചു .

ഒരു വൃദ്ധ .ആ വൃദ്ധയ്ക്ക് നല്ലതായി ഒന്നും തന്നെയില്ല .അർദ്ധനഗ്നമായ അവരുടെകാതും കൈയും കുനിഞ്ഞ ശരീരവും അതാണ് സൂചിപ്പിക്കുന്നത് .അവരോടു ചോദിച്ചു ."എന്താ എവിടെ?"അവർ പറഞ്ഞത് ഒരു ക്രൂരനുഭവമായിരുന്നു .ആ വൃദ്ധ ഒരു ദിവസം രാവിലെ നടന്നു പോകുകയായിരുന്നു ,അവർക്കുപ്പോൾ ക്ഷീണം തോന്നി .അവിടെ കണ്ട ഒരാളോട് എങ്ങിനെയെങ്കിലും തന്നെ വീട്ടിലെത്തിക്കണമെന്നഭ്യർഥിച്ചു .ആ മനുഷ്യൻ അയാളുടെ കടമ നിർവഹിച്ചു ,ആവൃദ്ധ വീട്ടിലെത്തി .അവർക്കൊരു മകനുണ്ട് മുഴുകുടിയനായിരുന്നു അവനാരേയും നോക്കുകയില്ല .ആ വൃദ്ധയ്ക്ക് ആണായിട്ടും പെണ്ണായിട്ടും ആകെ ഒന്നേ ഉള്ളൂ .സ്വന്തം അമ്മയെ ഒരു ശല്യമായിട്ടാണവൻ കണ്ടിരുന്നത് .പക്ഷെ അവനെന്നുവെച്ചാൽ ആ അമ്മയ്ക്ക് ജീവനായിരുന്നു .

അവർ വീട്ടിലെത്തിയപ്പോൾ മകനവിടെയുണ്ടായിരുന്നു .ആ 'അമ്മ പറഞ്ഞു ."മോനേ എനിക്ക് ദാഹിക്കുന്നു .എനിക്കിത്തിരി വെള്ളം താരം പറ്റുമോ?"എന്നിട്ട് ആ 'അമ്മ മാറിനിന്നു .അവർക്ക്

അവനെ ഭയമായിരുന്നു .ഭാഗ്യം അവനവർക്കു വെള്ളംകൊടുത്തു .ആ വെള്ളം വായിലേക്കൊഴിച്ചപ്പോൾ ആ അമ്മയുടെ കണ്ണിആനന്ദാശ്രു പൊഴിഞ്ഞു .

അവൻ പുറത്തേക്കു പോയി ആ അമ്മ അവനെ കാത്തിരുന്നു .സമയം സന്ധ്യയായപ്പോൾ 'അമ്മ മകനെത്തേടി വെളിവരെയെത്തി .വേലിക്കപ്പുറത്തു മറ്റൊരാളുമായി അവൻ സംസാരിക്കുന്നത് അവരുടെ ശ്രദ്ധയിൽ പെട്ടു .ആ അമ്മയ്ക്ക് കേൾക്കുന്ന വിധമായിരുന്നു അവരുടെ സംഭാഷണം .അത് കേൾക്കാൻ വേണ്ടി അവർ കാത് കൂർപ്പിച്ചു .അത് കേട്ടവർ ഞെട്ടി .അമ്മയെ നോക്കാനെനിക്ക് വയ്യ അവരെ സംരക്ഷിക്കാനൊന്നും എനിക്കാവില്ല .കേൾക്കുന്ന ആളുടെ കണ്ണ് നിറയുന്നത് ആ അമ്മ കണ്ടു

ആ സംഭാഷണം മുഴുവൻ കേൾക്കാനാ 'അമ്മ നിന്നില്ല .സങ്കടവും മനോവേദനയും സഹിക്കാനാകാതെ ആ അമ്മവീട് വിട്ടിറങ്ങി . എന്നിട്ടും ആ അമ്മയ്ക്ക് തന്റെ മകനെക്കുറിച്ചു പരാതിയും പരിഭവവുമൊന്നുമില്ല .തന്റെ മകന് ഒരു കുഴപ്പവും വരരുതേ എന്നാണ് ആ അമ്മയുടെ പ്രാർഥന .വൃദ്ധയുടെ അനുഭവം കേട്ട് ഞെട്ടിയ ഞാൻ അവരെ എന്റെ വീട്ടിലേക്ക് ക്ഷണിച്ചു.എന്നെങ്കിലും എന്റെമകൻവന്നു വിളിച്ചാൽഅവരെ പോകാനനുവദിക്കാമെന്ന ഉറപ്പിൽ അവർ എന്റെ കൂടെ വന്നു .എനിക്ക് സ്നേഹം തരുന്ന മുത്തശ്ശിയായ് സന്തോഷത്തോടെ അവർ ഞങ്ങളുടെ കൂടെ ജീവിക്കുന്നു

# അമ്മയുടെ കണ്ണുനീർ                    കഥ

ഒരു നാട്ടിൽ ഒറ്റയ്ക്ക് കഴിയുന്ന അമ്മായുട കഥയാണിത് വർദ്ധക്യമായാൽ ഓരോ അച്ഛനും അമ്മയും മക്കളും അനുഭവിക്കുന്ന വേദനകളുംയാതനകളും ആശങ്കയും ഏഴിൽ പറയുന്നു .

രാവിലെ എട്ടു മണി സന്തോഷത്തിന്റെയും സങ്കടത്തിന്റെയും കാലഘട്ടമാണന്ന് ."രമണീ,എന്റെഷർട്ടും മുണ്ടും എവിടെ ?"ഭർത്താവ് രമണിയോട് ദേഷ്യപ്പെട്ടു .ഷർട്ട് തേയ്ക്കാൻ ഇസ്തിരിപ്പെട്ടി അതിന് മുകളിൽ വെച്ച് രമണി അടുക്കളയിലേക്ക് പൊന്നു .അയാൾ വന്നു നോക്കുമ്പോൾ ഇസ്തിരിപ്പെട്ടിയുടെ താപത്താൽ ഷർട്ട് കരിഞ്ഞിരിക്കുന്നു .ദേഷ്യത്താൽ അയാളവളെ അടിച്ചു .അത് അവളെ വല്ലാതെ വേദനിപ്പിച്ചു .അവൾ അകത്തേക്ക് പോയി .ചുക്കിച്ചുളിഞ്ഞ ഷർട്ടുംമുണ്ടുമായി അയാൾ ജോലിക്ക് പോയി .

അന്ന് മടങ്ങി വരാൻ പതിവിലും വൈകി രമണി ഭർത്താവിനെ കാത്തു വാതിൽ പടിയിൽ ചാരിയിരുന്നു .രാത്രി പത്തരമണിക്ക് അയാൾ വന്നു .അയാൾ നാലു കാലിലാണ് വരുന്നതെന്ന് രമണിക്കു തോന്നി .അയാൾ അകത്തേക്ക് നടന്നു .അവൾ പിന്നാലെ നടന്നു .ഷർട്ട് ഉരുകിയതിനെക്കുറിച്ച്  വീണ്ടും വഴക്കായി .അയാൾ അവളെ അവളെ വീണ്ടും തല്ലി .പിറ്റേന്ന് രാവിലെ നല്ല ചൂടുചായയുമായി അദ്ദേഹത്തിന്റെ മുമ്പിലെത്തി .അവളുടെ മുഖത്തേക്ക് എങ്ങിനെ നോക്കുമെന്ന് വിചാരിച്ചിരിക്കുകയായിരുന്നു.  അയാൾ അവളോട് ക്ഷമചോദിച്ചു അവർ ഒന്നായി .മദ്യത്തിന്റെ ലഹരിയിൽ നിന്നെ ഞാൻ തല്ലി .എന്നോട് ക്ഷമിക്കു .അവളെ സന്തോഷിപ്പിക്കാൻ അന്നവർ സിനിമക്കു പോയി .തിരികെ വരുമ്പോൾ രണ്ടു പേരും കഥകളും പറഞ്ഞു രസിച്ചു റോഡരികിലൂടെ നടക്കുമ്പോൾ ഒരു കാർ അവരെഇടിച്ചിട്ടു നിർത്താതെ കടന്നു പോയി .ആരോ അവരെ ആശുപത്രിയിലെത്തിച്ചു .രമണിക്കു കാര്യമായപരിക്കൊന്നുമില്ലായിരുന്നു .പക്ഷെ അവരുടെഭർത്താവിന്  പരിക്ക് ഗുരുതരമായിരുന്നു .രമണി ഭർത്താവിനെ നന്നായി പരിചരിച്ചു .പക്ഷെ അയാൾ അധിക കാലം ജീവിക്കില്ല എന്ന സത്യം ഡോക്ട്ടർമാർ അവളോട് പറഞ്ഞിരുന്നില്ല .ഒരു ദിവസം ചായ വാങ്ങാൻ പോയി

തിരികെ വന്നപ്പോൾ അയാൾ മരിച്ചു കിടക്കുന്നതാണ് രമണികണ്ടത് .അവളുടെ ഉദരത്തിൽ ഒരു കുഞ്ഞു വളരുന്നുണ്ടായിരുന്നു .
രണ്ടു മാസങ്ങൾക്കു ശേഷം അവളൊരു കുഞ്ഞിന് ജന്മം നൽകി .അയൽപക്കത്തെ വീട്ടിൽ വീട്ടുപണികൾചെയ്തു കിട്ടുന്ന കാശ് കൊണ്ടാണ് അവർ മകനെ പഠിപ്പിച്ചത് .സുധിൻ ഇപ്പോൾ പ്ലസ്ടുവിന് പഠിക്കുകയാണ് .തയ്യൽ അറിയാവുന്ന തന്റെ അമ്മക്ക് അവൻ ഒരുതയ്യൽ കടയിൽ ജോലി കണ്ടെത്തി .സുധിൻ പി ജി പഠനം പൂർത്തിയാക്കി .അവൻ സ്വന്തമായൊരു ജോലി കണ്ടെത്തി .അമ്മയെ പിന്നെ അവൻ ജോലിക്കു പോകാനനുവദിച്ചില്ല .അമ്മയുടെ നിബന്ധത്തിന് വഴങ്ങി അവൻകല്യാണം കഴിച്ചു ,സുമന വന്നതിന് ശേഷമാണ് വീടിനൊരു ജീവൻ വെച്ചത് .

ജീവിതം സന്തോഷത്തോടെ മുന്നോട്ടു പോയിക്കൊണ്ടിരുന്നു .ഒരു ദിവസം സുമന സുധിനോട് ചോദിച്ചു നമുക്കും വേണ്ടേ ഒറ്റക്കൊരു ജീവിതം .നമ്മൾ വേറെ വീട് വെച്ച് താമസം മാറ്റിയാലോ .അമ്മയെ ഒറ്റക്കാക്കിയിട്ടു പോകാനോ ,സുധിൻ ദേഷ്യപെട്ടു .സുമനയുടെ നിർബന്ധത്തിന് വഴങ്ങി അവസാനം അവൻ സമ്മതിച്ചു .തത്കാലം ഒരു വാടക വീട്ടിലേക്കുമാറാൻ അവർ തീരുമാനിച്ചു .'അമ്മ എതിർപ്പൊന്നും പറഞ്ഞില്ല .സങ്കടം ഉള്ളിലൊതുക്കി .പിറ്റേദിവസം സുധിനും സുമനയും വാടക വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങി മടങ്ങി വരുമ്പോൾ അവർ സഞ്ചരിച്ച ടെമ്പോവാൻ ട്രക്കിലിടിച്ചു .സുധിൻ മരിച്ചു.അമ്മയുടെ കണ്ണുനീരിന്റെ ശക്തി അന്നാണ് സുമനയ്ക്കു മനസ്സിലായത്

# വാടിത്തളർന്ന കുരുന്നു പൂവ്

ഓടിനുള്ളിലൂടെ കുതിച്ചുവന്ന മഴത്തുള്ളികൾ ഉണ്ണിയുടെ കവിളിൽ മുത്തമിട്ടു .പുറത്തു മഴയുടെ ഘോര ശബ്ദം പരന്നിരുന്നു .പുലരിയുടെ കിരണങ്ങൾ ഇടെക്കിടെ എത്തി നക്കി .ഓടിനത്തുമ്പിൽ നിന്ന് വെള്ളി നൂല് കൊണ്ട് തോരണം ചാർത്തിയിരുന്നു .ഉമ്മറത്തിരുന്നു കൊണ്ട് അപ്പുവേട്ടൻ രാമായണം വാഴിക്കുകയാണ് .ഉറക്കത്തിൽ നിന്ന് ഉണർന്ന ക്ഷീണമുണ്ണിയെ അപ്പോയുംവിട്ട് മാറിയിരുന്നില്ല .കിഴക്കേ മുറിയിൽ നിന്ന് അച്ഛമ്മയുടെ നിരങ്ങലും മൂളലും കേൾക്കാം .പാവം വാർദ്ധക്യത്തിന്റെ മട്ടുപ്പാവിൽ മരണം നേരിൽ കണ്ടു കിടക്കുകയാണ് .

അടുക്കളത്തളത്തിലെ പാത്രങ്ങൾ തമ്മിൽ കലപില കൂട്ടുന്നുണ്ട് .ഉണ്ണി തന്റെ മുണ്ട് മുറുക്കിചുറ്റി.എന്നാലുമത് എപ്പോഴും അഴിഞ്ഞു പോകും വിധത്തിലായിരുന്നു .ഉറക്കത്തിൽ നിന്നെഴുന്നേറ്റാൽ അച്ഛമ്മയെകാണുക അവന്റെ പതിവാണ്. അച്ഛമ്മയുടെ തലോടൽ ലഭിക്കുന്നതിലും വലിയ കാര്യം അവന് ജീവിതത്തിലില്ലായിരുന്നു .ഞാൻ പതുക്കെ പടികൾ ചവിട്ടി അച്ഛമ്മയുടെ മുറിയിലേക്ക് ചെന്നു .എവിടെ നിന്നോ നിരക്കാവും മൂളലും കേൾക്കുന്നുണ്ട് .ഞാനാകെ അമ്പരന്നു .ഈ സമയത്ത് അച്ചമ്മ എവിടെ പോയതാ .അച്ചമ്മേ"? ഞാൻ നീട്ടി വിളിച്ചു .അപ്പോഴാണ് കിടക്കയുടെ മറുവശത്തു നിന്ന് അച്ഛമ്മയുടെ ശബ്ദമുയർന്നത് ."എടാ ഉണ്ണ്യേ തനിങ്ങു വന്നേ ".അച്ഛമ്മയുടെ ശബ്ദമാകെ ഇടറിയിരുന്നു.ഞാൻ ശബ്ദം കേട്ടയിടം ലക്ഷ്യം വെച്ചു .അപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത് .അച്ഛമ്മ കമിഴ്ന്ന് വീണു കിടക്കുകയാണ് .അച്ഛമ്മയശ്വാസം നീട്ടി വലിച്ചു .ഞാനാകെ ഞെട്ടിത്തരിച്ചുപോയി .എന്ത് ചെയ്യണമെന്നറിയാതെ ആകെ നട്ടം തിരിഞ്ഞു ."അപ്പുവേട്ടാ........ " ഞാനുറക്കെ നിലവിളിച്ചു .അമ്മയെ വിളിച്ചിട്ട് കാര്യമില്ല .അമ്മക്ക് അച്ഛമ്മയെ കാണുന്നതുതന്നെവെറുപ്പാണ് .അപ്പുവേട്ടൻ അവിടെയെത്തി .ഞാൻ അച്ഛമ്മയുടെ നേരെ വിരൽ ചൂണ്ടി .കണ്ണിൽ നിന്നും അപ്പോയെക്കും കണ്ണുനീർ ഉറ്റി വീണിരുന്നു .അപ്പുവേട്ടനും ഞാനും അച്ഛമ്മയെ തങ്ങിനിറുത്തി .പിന്നെ കിടക്കയിൽ കിടത്തി .അച്ഛമ്മ മരണത്തെ മുഖാമുഖം കാണുന്നുണ്ടായിരുന്നു .കൈകാലുകൾ

വിരങ്ങോലിക്കാൻതുടങ്ങി .അപ്പുവേട്ടനോട് പറഞ്ഞു ,നീപോയി നിന്റെ അമ്മയെവിളിക്ക് .അപ്പുവേട്ടൻ വിതുമ്പാൻ തുടങ്ങി .

പതിയെ ഞാൻ അടുക്കളയിലേക്കു കാലുവെച്ചു .അവിടെ അമ്മ പ്രാതൽ ഉണ്ടാക്കുന്ന തിരക്കിലായിരുന്നു .അച്ഛൻ കൊലയിലിരുന്നുകൊണ്ടു എന്തോ ഉരുവിടുന്നുണ്ടായിരുന്നു .അപ്പുവേട്ടൻ പതിയെ അച്ഛന്റെ അടുത്ത് ചെന്നു .എറിഞ്ഞു തീർന്ന സിഗരറ്റുകൾ അച്ഛൻ ഒരുഡപ്പയിലിട്ട് തിരുമ്പുന്നുണ്ടായിരുന്നു .അച്ഛന്റെ വിടർന്ന കണ്ണുകൾ ഉണ്ണിയുടെ നേരെ തിരിഞ്ഞു ."ന്ത്യേ ഉണ്ണ്യേ നീ ഇവിടെ ചുറ്റിക്കറങ്ങുന്നത് ".അവൻ നടന്നതെല്ലാം അച്ഛനെ അറിയിച്ചു .ഉടൻ തന്നെ എഴുന്നേറ്റ് അച്ഛൻ അകത്തളത്തിലേക്ക് നടന്നു .

അമ്മയുടെ അരികിൽ ചെന്ന് അച്ഛൻ ഉച്ചത്തിൽ ശബ്ദമുയർത്തി ."ട്യേ ഉമേ ,നീ ഇവിടെ എന്തെടുക്കുവാ .അവിടെഅമ്മയെ മരണം പാതി വിഴുങ്ങിയിരിക്കുകയാ "."നീ ഇച്ചിരി ചൂടുവെള്ളവുമായി വേഗം വാ ".അച്ഛന് അമ്മയെ പേടിയാ അമ്മ പിറുപിറുക്കുന്നുണ്ടായിരുന്നു ."ഈ തള്ളക്ക് എന്നും ഇത് തന്നെയാണല്ലോ പണി മനുഷ്യനെ ബുദ്ധിമുട്ടിക്കാൻ............... "അമ്മ ഉണ്ടാക്കിയ ചൂടു വെള്ളം കൊണ്ട് ഉണ്ണി അച്ഛമ്മയുടെ കൈയ്യും കാലും ചൂട് പിടിപ്പിച്ചു .അപ്പോയെക്കും അച്ഛൻ രാമൻ വൈദ്യരെ വിളിച്ചു കൊണ്ട് വന്നു .വൈദ്യര് അച്ഛമ്മയുടെ നെറ്റിയിൽ തൊട്ടു നോക്കി .ചെറിയ പനിയുണ്ട് .വൈദ്യർ വേണ്ട മരുന്ന് എഴുതി വെച്ച് യാത്രയായി .അപ്പോഴും അച്ചാമ്മ നിരങ്ങി മൂളിക്കൊണ്ടിരുന്നു .കുറിപ്പടി ഒന്ന് വായിച്ചാ ശേഷം അച്ഛൻ ഉണ്ണിയോട് കവലയിൽ പോയി മരുന്ന് വാങ്ങി കൊണ്ട് വരൻ പറഞ്ഞു .ഉണ്ണി കുറിപ്പോന്നു നോക്കിയിട്ടു അമ്മയോട് കുറച്ചു ചായ ചോദിച്ചു .പിന്നെ ഷർട്ട് മാറ്റി ചായയും കുടിച്ചു ഉന്മേഷവാനായി ഉണ്ണി പടിയിറങ്ങി  കവലയിലേക്കു നടന്നു .

കവലയിൽ തിരക്കില്ലായിരുന്നു .ഉണ്ണി നായരുടെ കടയിൽ കയറി കുറിപ്പ് കൊടുത്തു .നയരേട്ടൻ അതോന്നുവായിച്ചിട്ടു ഉണ്ണിയുടെ മുഖത്തേക്ക് നോക്കിയിട്ടു പറഞ്ഞു .നിന്റെ അച്ഛൻ എനിക്ക് ഇപ്പോൾ വിളിച്ചിരുന്നു കവലയിൽ തിരക്കില്ലായിരുന്നു .ഉണ്ണി നായരുടെ കടയിൽ കയറി കുറിപ്പ് കൊടുത്തു .നയരേട്ടൻ അതോന്നുവായിച്ചിട്ടു ഉണ്ണിയുടെ മുഖത്തേക്ക് നോക്കിയിട്ടു പറഞ്ഞു .നിന്റെ അച്ഛൻ എനിക്ക് ഇപ്പോൾ വിളിച്ചിരുന്നു .നിന്റെ അച്ഛമ്മ ".അയാളെന്തോ മറച്ചു വെക്കുന്നുണ്ട് ഞാൻ അദ്ദേഹത്തോട് കാര്യം തിരക്കി ."ന്താ ന്റെ അച്ഛമ്മക്ക് ".നിന്റെ അച്ഛമ്മ മരുന്നുകൾ

വേണ്ടാത്ത ലോകത്തേക്ക് പോയി മോനെ ".ഉണ്ണിയുടെ കൈകാലുകൾ വിറച്ചു .കണ്ണിൽ ഇരുട്ട് മൂടാൻ തുടങ്ങി .അപ്പോൾ ട്രാക്കിലൂടെ കടന്നു വന്ന ട്രെയിനിന്റെ ശബ്ദം അവന് അവന്റെഅച്ഛമ്മ അവനെ വിളിക്കുന്നത് പോലെ തോന്നി.അവൻ ആ ശബ്ദം ലക്ഷ്യമാക്കി ഓടി ..നിന്റെ അച്ഛമ്മ ".അയാളെന്തോ മറച്ചു വെക്കുന്നുണ്ട് ഞാൻ അദ്ദേഹത്തോട് കാര്യം തിരക്കി ."ന്താ ന്റെ അച്ഛമ്മക്ക് ".നിന്റെ അച്ഛമ്മ മരുന്നുകൾ വേണ്ടാത്ത ലോകത്തേക്ക് പോയി മോനെ ".ഉണ്ണിയുടെ കൈകാലുകൾ വിറച്ചു .കണ്ണിൽ ഇരുട്ട് മൂടാൻ തുടങ്ങി .അപ്പോൾ ട്രാക്കിലൂടെ കടന്നു വന്ന ട്രെയിനിന്റെ ശബ്ദം അവന് അവന്റെഅച്ഛമ്മ അവനെ വിളിക്കുന്നത് പോലെ തോന്നി.അവൻ ആ ശബ്ദം ലക്ഷ്യമാക്കി ഓടി .

# തീരാത്ത വ്യസനം

ദേവന്നൂർ എന്ന ഗ്രാമത്തിൽ സന്തോഷവും സമാധാനവും നിറഞ്ഞ ഒരു കുടുംബമുണ്ടായിരുന്നു .അമ്മയും അച്ഛനും രണ്ടു മക്കളുമടങ്ങുന്നതാണ് കുടുംബം .അമ്മയുടെ പേര് സിന്ധു ,അച്ഛൻ സുരേഷ് ,മൂത്ത മകൾ അഞ്ചു ,ഇളയവൾ അച്ചു .ഈ ഗ്രാമത്തിലെ അറിയപ്പെടുന്ന ഇവരുടേത് .

മക്കളുടെ പരീക്ഷ അടുത്തു വരുന്നു .അച്ഛനും അമ്മയ്ക്കും വലിയ വിദ്യാഭ്യാസമൊന്നുമുണ്ടായിരുന്നില്ല .അവരുടെ മക്കളെങ്കിലും പഠിപ്പിച്ചു ഉദ്യോഗസ്ഥരാക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം .മക്കൾപരീക്ഷക്ക് ഫുൾ മാർക്ക് വാങ്ങിക്കൊണ്ടിരുന്നു .ഇതിൽ അച്ഛനും അമ്മയ്ക്കും അതിയായ സന്തോഷം തോന്നി .ഓരോ വർഷവും ഫുൾ മാർക്ക് വാങ്ങുമ്പോൾ അവർ മക്കൾക്ക് സമ്മാനങ്ങൾ വാങ്ങി കൊടുത്തു .

അഞ്ചു ഈ വർഷം പ്ലസ് വണ്ണിന് ചേരുകയാണ് ,അച്ചു ഒന്പതിലേക്കും കുടുംബം അത്ര പണക്കാരൊന്നുമായിരുന്നില്ല .അഞ്ചുവിനെ പഠിപ്പിക്കണമെങ്കിൽ ഒരുപാട് കാശ് വേണം .അച്ഛനും അമ്മയും കിടക്കാൻ പോകുമ്പോൾ ഇങ്ങനെ ചർച്ച ചെയ്യുന്നത് അഞ്ചു കേട്ടു .അഞ്ചു അത് അച്ചുവിനോട് പറഞ്ഞു .അവക്ക് അത് കേട്ടപ്പോൾ സങ്കടമായി .അവരുടെ വീടിനടുത്തുള്ള കുട്ടികൾക്കെല്ലാം ഏട്ടന്മാരുണ്ട് .അവർക്കില്ല .അവർക്കും ഒരുഏട്ടനുണ്ടായിരുന്നു .അഞ്ചാം വയസ്സിൽമരിച്ചുപോയി

.അവർക്ക് ഏട്ടനില്ലാത്തതിന്റെ വിഷമം അവർ എന്നും കിടക്കുമ്പോൾപങ്കുവെക്കുമായിരുന്നു .

അവരുടെ വല്യച്ഛന് മൂന്ന് കുട്ടികളാണ് .രണ്ട് ആണും ഒരു പെണ്ണും .വല്യച്ഛന്റെ മകൾക്കു അവരുടെ ഏട്ടന്മാർ പലതും വാങ്ങികൊടുക്കുമ്പോൾ അഞ്ചുവിനും അച്ചുവിനും സങ്കടമായിരുന്നു .വല്യച്ഛന്റെ മകനായ ഹരിയേട്ടൻ ഒരു ദിവസം വീട്ടിൽ വന്നു അപ്പോൾ അഞ്ചുവും ചിഞ്ചുവും ഹരിയേട്ടനോട് അവരുടെ സങ്കടങ്ങൾ പങ്കുവെച്ചു .അന്നുമുതൽ ഹരിയേട്ടൻ അവർക്കും സാധനങ്ങൾ വാങ്ങിക്കൊടുക്കാൻ തുടങ്ങി .ഹരിയേട്ടനെ അഞ്ചുവിനും ചുഞ്ചുവിനും വളരെ ഇഷ്ടമാണ് .സാധനങ്ങൾ വാങ്ങിക്കൊടുത്തിട്ടല്ല .ഒരു ഏട്ടന്റെ സ്നേഹം അവർക്ക് നൽകുന്നത് ഹരിയേട്ടനാണ് .

ഹരിയേട്ടന് ജോലി ആവശ്യത്തിന് വിദേശത്തു പോകേണ്ടി വന്നു .അഞ്ചുവിനും അച്ചുവിനും അത് വളരെ സങ്കടമുണ്ടാക്കി .അതോടെ അവർക്കു ഏട്ടന്റെ വാത്സല്യം കിട്ടാതായി .അവരുടെ അമ്മയ്ക്കും അച്ഛനും ഹരിയേട്ടനെ വലിയ ഇഷ്ടമായിരുന്നു .സ്വന്തം മകനായിട്ടാണ് അവർ അവനെ കണ്ടിരുന്നത് .അഞ്ചുവിന് ടി ടി സി ക്ക് പഠിക്കാനായിരുന്നു മോഹം .അവളുടെ ഇഷ്ടത്തിന് അച്ഛൻ എതിര് നിന്നില്ല .ബുദ്ധിമുട്ടിയാണെങ്കിലും അതിനുള്ള പണം അച്ഛൻ കണ്ടെത്തി .

അഞ്ചുവിന്റെയും അച്ചുവിന്റെയും അച്ഛന് വയസ്സായി വരികയാണ് .ഇടയ്ക്ക് ഹരിയേട്ടന്റെ കത്തുകൾ വരാറുണ്ട് അച്ചു ഇപ്പോൾ അച്ഛനെ കൃഷിപ്പണിയിൽ സഹായിക്കാറുണ്ട്

വർഷങ്ങൾ കടന്നു പോയതറിഞ്ഞില്ല .ഹാര്യേട്ടൻ അടുത്ത മാസം നാട്ടിൽ വരുന്നുണ്ട് .വരുമ്പോൾ ഒരു സമ്മാനം കൊണ്ടുതരാമെന്ന് അഞ്ചുവിനെഴുതിയിരുന്നു അഞ്ചു സമ്മാനവും പ്രതീക്ഷിച്ചിരിക്കുകയാണ് .അച്ചുവിനറിയാം അവൾക്കും സമ്മാനമുണ്ടാകുമെന്ന് .കാത്തിരുന്ന ദിവസമെത്തി ഹര്യേട്ടൻ നാട്ടിലെത്തി .അച്ചുവിന്റെയും അഞ്ചുവിന്റെയും വീട്ടിൽ അവൻ വന്നെങ്കിലും സമ്മാനം മാത്രമെത്തിയില്ല .

ഒരാഴ്ചക്ക് ശേഷം അവൻ സാംമ്നവുമായി വന്നു .അവന്റെ ബാല്യകാല സുഹൃത്ത് പ്രദീപുമായാണവൻ വന്നത് .പ്രദീപ് ഇപ്പോൾ ഗൾഫിൽ അവന്റെ കൂടെ കമ്പനിയിൽ ജോലി ചെയ്യുന്നു .അവന്റെ അച്ഛനും അമ്മയും ചെറുപ്പത്തിലേ മരിച്ചതാണ് .പിന്നീട് ഒരു അനാഥാലയത്തിലാണവൻ പഠിച്ചത് .ഇപ്പോൾ അഞ്ചുവിന് വാഹാലോചനയുമായാണവൻ വന്നത് രണ്ടുപേർക്കും പരസ്പരം ഇഷ്ടപ്പെട്ടു .വിവാഹഹത്തിന് മുഹൂർത്തവും കുറിച്ചു .പോകുമ്പോൾ പ്രദീപ് അച്ഛനോട് പറഞ്ഞു .എനിക്കിനി നിങ്ങളാണച്ചൻ .വിവാഹശേഷം ഞാൻ നിങ്ങളുടെ കൂടെ താമസിക്കട്ടെ? .ആ കുടുംബത്തിന് നൂറു വട്ടം സമ്മദത്തമായിരുന്നു .അങ്ങനെ ഹര്യേട്ടന്റെ സ്പ്രൈസ് സമ്മാനം ആ കുടുംബത്തെ സന്തോഷത്തിലാറാടിച്ചു

# മടിയൻ




ബുക്കു വായിക്കാൻ വാ മോനേ
എനിക്കു വയ്യന്റമ്മേ
ഹോം വർക്ക് ചെയ്യടാ
എനിക്കു വയ്യന്റമ്മേ
കടയിൽ പോകാൻ വാ മോനേ
എനിക്കു വയ്യന്റമ്മേ
കമ്പ്യൂട്ടർ ഗെയിം കളിക്കാൻ വാ മോനേ
അങ്ങനെ പറയന്റെമ്മേ

# പാഠം ഒന്ന് പറമ്പിലേക്ക്








## കാർഷിക പാഠങ്ങൾ




ക്ഷീര വികസന വകുപ്പ്   അരീക്കോട് ബ്ലോക്ക്
പാലാഴി സ്റ്റുഡന്റ്സ് ഡയറി ക്ലബ്ബ്
കുഴിമണ്ണ G HSS കിഴിശ്ശേരി







DIGITAL




POOKALAM



മുഹമ്മദ് ഹാഷിം
8B

# ശീതകാല പച്ചക്കറി





# THANK YOU..... LITTLE KITES